"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ചിരുന്ന ലോക്ഡൗൺ കാലയളവിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസവേതന/കരാർ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ് -സി) വകുപ്പ്**

**സ.ഉ(അച്ചടി)നം.125/2020/ധന** **തിരുവനന്തപുരം,തീയതി, 25/09/2020**

---

പരാമർശം: 1. സ.ഉ.(പി)നം.47/2020/ധന തീയതി : 24/4/2020

2. സ.ഉ.(പി)നം.99/2020/ധന തീയതി: 30/7/2020

3. ബഹു: വനം-മൃഗസംരക്ഷണം, ക്ഷീര വികസനം, മൃഗശാല വകുപ്പ് മന്ത്രി, ബഹു ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച കുറിപ്പ്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജോലിക്കു ഹാജരാകാൻ കഴിയാത്ത സ്ഥിരം/കോൺട്രാക്ട്/കാഷ്വൽ/ദിവസ വേതന ജീവനക്കാരെയും 24/3/2020 മുതൽ 30/4/2020 വരെയുള്ള ലോക്ഡൗൺ കാലയളവ് നിബന്ധനകൾക്കു വിധേയമായി 'ഓൺ ഡ്യൂട്ടി' ആയി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. പൊതുഗതാഗതം നിരോധിച്ചിട്ടുള്ള കണ്ടെയിന്മെന്റ് സോണുകളിൽ/ഹോട്ട്സ്പോട്ടുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ജോലി ചെയ്യുന്ന/താമസിക്കുന്ന സർക്കാർ മേഖലയിലെ ദിവസ വേതന/കരാർ ജീവനക്കാർക്ക് ലോക്ഡൗൺ കാലയളവ് ഡ്യൂട്ടി ആയി പരിഗണിച്ച്, ദിവസ വേതനം/കരാർ വേതനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി വേതനം നൽകുന്നതിനും മറ്റ് മേഖലകളിലെ ദിവസ വേതന/കരാർ ജീവനക്കാർ ലോക്ഡൗൺ കാലയളവിൽ ഒരു മാസത്തെ പ്രവർത്തി ദിനങ്ങളുടെ അൻപത് ശതമാനമോ അധിലധികമോ ദിവസങ്ങൾ ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ പ്രസ്തുത മാസം ഹാജരാകേണ്ടിയിരുന്ന മുഴുവൻ ദിവസങ്ങളും ഡ്യൂട്ടിയായി പരിഗണിച്ച് വേതനം നൽകുന്നതിനും അൻപത് ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നൽകുന്നതിനും പരാമർശം 2 ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ലോക്ഡൗൺ കാലയളവിൽ ദിവസ വേതന/താത്കാലിക ജീവനക്കാർക്ക്

വേതനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കണമെന്ന് പരാമർശം 3-ലെ കുറിപ്പിൽ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി പരാമർശം 2 സർക്കാർ ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസ വേതന/കരാർ ജീവനക്കാർക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**യമുന. വി**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ഗ്രാന്റ് ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും/ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽസെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ്സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ